**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3897** **28-06-2024 - ൽ മറുപടിയ്ക്ക്**

**കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളുടെ സംവരണ റൊട്ടേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016-ലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളുടെ സംവരണ റൊട്ടേഷനിൽ മുസ്ലിം ജനവിഭാഗങ്ങൾക്കായി നിശ്ചയിച്ചിരുന്ന ടേൺ മറ്റേതെങ്കിലും വിഭാഗത്തിന് നിയമനം നൽകാനുള്ള ടേണായി നിശ്ചയിച്ച നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 31.10.2019 ൽ സർക്കാർ ഉത്തരവ് നമ്പർ (പി) 12/ 19 /സാ.നീ.വ പുറപ്പെടുവിച്ചിരുന്നു. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ അതിനനുസൃതമായി പി.എസ്.സി നിയമനം നടത്തുകയോ ഉണ്ടായിട്ടില്ല. ആയതിനാൽ ഒരു സമുദായത്തിനും പി.എസ്.സി നിയമനത്തിൽ സംവരണ ആനുകൂല്യത്തിൽ നഷ്ടം ഉണ്ടായിട്ടില്ല. നിയമനത്തിന് സംവരണമുള്ള ഒരു വിഭാഗത്തിന്റെയും ആനുകൂല്യത്തിൽ കുറവ് വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |
| (ബി) | ഇപ്രകാരം ടേൺ പുന:ക്രമീകരിച്ചതിലൂടെ മുസ്ലിം വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സംവരണത്തോത് കുറയുന്നത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 31.10.2019 ൽ സർക്കാർ ഉത്തരവ് നമ്പർ (പി) 12/ 19 /സാ.നീ.വ പുറപ്പെടുവിച്ചിരുന്നു. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ അതിനനുസൃതമായി പി.എസ്.സി നിയമനം നടത്തുകയോ ഉണ്ടായിട്ടില്ല. ആയതിനാൽ ഒരു സമുദായത്തിനും പി.എസ്.സി നിയമനത്തിൽ സംവരണ ആനുകൂല്യത്തിൽ നഷ്ടം ഉണ്ടായിട്ടില്ല. നിയമനത്തിന് സംവരണമുള്ള ഒരു വിഭാഗത്തിന്റെയും ആനുകൂല്യത്തിൽ കുറവ് വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |
| (സി) | മുസ്ലിം ജനവിഭാഗങ്ങൾക്ക് നൽകിയിരുന്ന ടേണുകളിൽ ചിലത് ഭിന്നശേഷിക്കാർക്ക് നൽകാൻ തീരുമാനിച്ചത് മൂലം നിലവിലുള്ള സംവരണമനുസരിച്ച് മുസ്ലിം ജനവിഭാഗങ്ങൾക്ക് കിട്ടേണ്ട നിയമനങ്ങളുടെ എണ്ണത്തിൽ കുറവു വരുന്നത് ഒഴിവാക്കാൻ എന്തു പരിഹാരമാണുള്ളതെന്ന് വിശദീകരിക്കാമോ; | (സി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 31.10.2019 ൽ സർക്കാർ ഉത്തരവ് നമ്പർ (പി) 12/ 19 /സാ.നീ.വ പുറപ്പെടുവിച്ചിരുന്നു. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ അതിനനുസൃതമായി പി.എസ്.സി നിയമനം നടത്തുകയോ ഉണ്ടായിട്ടില്ല. ആയതിനാൽ ഒരു സമുദായത്തിനും പി.എസ്.സി നിയമനത്തിൽ സംവരണ ആനുകൂല്യത്തിൽ നഷ്ടം ഉണ്ടായിട്ടില്ല. നിയമനത്തിന് സംവരണമുള്ള ഒരു വിഭാഗത്തിന്റെയും |

| | | | |
|---|---|---|---|
| | | | ആനുകൂല്യത്തിൽ കുറവ് വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | ഭിന്നശേഷി നിയമനത്തിനു പുറമേ ആശ്രിത നിയമനത്തിനായും മുസ്ലിം വിഭാഗത്തിന്റെ ടേൺ എടുക്കാൻ ഉള്ള പ്രോപ്പോസൽ നിലവിൽ സർക്കാരിനോ പി.എസ്.സിയ്ക്കോ മുൻപിലുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | മുസ്ലിം വിഭാഗത്തിന്റെതല്ലാതെ മറ്റേതെങ്കിലും വിഭാഗത്തിന്റെ സംവരണ ടേൺ ഇപ്രകാരം മറ്റു വിഭാഗങ്ങൾക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ